- ബഡ്സ് സ്കൂളുകളിൽ ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസ-ആരോഗ്യ, സാമൂഹ്യക്ഷേമ വകുപ്പുകൾ, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് (തിരുവനന്തപുരം മെഡിക്കൽ കോളേജ്) എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.
- സ്കൂൾ പ്രിൻസിപ്പൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ തുടങ്ങിയവർക്ക് സ്കൂൾ മാനേജ്മെന്റ് പരിശീലനം.
- തൊഴിലധിഷ്ഠിത പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ.
- ബഡ്സ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം.
- ഒരു ബ്ലോക്കിൽ കുറഞ്ഞത് ഒരു സ്കൂളെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാക്ഷരതാ മിഷൻ പ്രവർത്തനം

146(438) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ "അതുല്യം" എന്ന പേരിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ 4-ാം തരം തുല്യതായജ്ഞത്തിലേക്ക് ഒരു നഗരസഭയിൽ നിന്നും എത്ര വാർഡുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) മുനിസിപ്പാലിറ്റിയിൽ എത്ര വാർഡുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) അതുല്യം സമ്പൂർണ്ണ 4-ാം തരം തീവ്രയത്ന പദ്ധതിക്കായി ഒരു മുനിസിപ്പാലിറ്റിയിൽ നിന്നും ഒരു വാർഡ് വീതമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതേ സംവിധാനം ഉപയോഗിച്ച് മറ്റെല്ലാ വാർഡുകളിലും പദ്ധതി നടപ്പിലാക്കുന്നതായിരിക്കും.

സാമ്പത്തിക ക്രമക്കേട് തടയാൻ നടപടി

147(439) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) 2001-2006 കാലത്തെ എത്ര സാമ്പത്തിക ക്രമക്കേടുകളാണ് പിന്നീട് കണ്ടെത്തിയത്; വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) അത്തരം കേസ്സുകളിൽ പിന്നീട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ വിവിധ മുനിസിപ്പാലിറ്റികളിൽ അത്തരം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly